# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5904 04.07.2019 ൽ മറുപടിക്ക്**

**കോങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2019-20 ലെ ബജറ്റിൽ കോങ്ങാട് മണ്ഡലത്തിനായി ഭരണാനുമതിയുള്ള വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ എണ്ണം വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ തുക സഹിതമുള്ള വിശദാംശം നൽകുമോ;<br><br>ബി) ഇതിൽ എത്ര പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>സി) കാലവർഷം കഴിയുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് അനുമതി ലഭ്യമാക്കുമോ എന്നറിയിക്കാമോ? | എ) ബി) & സി) 2019-20 ലെ ബജറ്റിൽ കോങ്ങാട് മണ്ഡലത്തിനായി ഭരണാനുമതിയുള്ള വിഭാഗത്തിൽ നിരത്തു വിഭാഗത്തിൽ 2 പ്രവൃത്തികളും കെട്ടിട വിഭാഗത്തിൽ ഒരു പ്രവൃത്തിയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>നിരത്തു വിഭാഗം<br>1. പത്തിരിപ്പാല – കോങ്ങാട് റോഡ് കി.മീ 6/300 - 10/960 -350 ലക്ഷം<br>2. പറളി കോസ് വേ ബി.എം & ബി.സി പ്രവൃത്തി കി.മീ 0/000 - 2/400 - 80 ലക്ഷം<br>മേൽപ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. അനുമതി ലഭ്യമാക്കാനും പ്രവൃത്തി തുടങ്ങാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കെട്ടിട വിഭാഗം<br>1. കോങ്ങാട് റസ്റ്റ്ഹൗസ് കെട്ടിട നിർമ്മാണം - 1 കോടി രൂപ<br>മേൽപ്രവൃത്തിയുടെ ഡി.പി.ആർ സമർപ്പിച്ചിട്ടില്ല. റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ഇതുവരെ നിർണ്ണയിച്ചു തന്നിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ